**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3021** **25-10-2021 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം നഗരവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം നഗരവികസനവുമായി ബന്ധപ്പെട്ട കിഫ്‌ബി വഴിയുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | 1. കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയ കുന്നംകുളം മുനിസിപ്പാലിറ്റി റോഡ് ഡെവലപ്പ്മെന്റ് പ്രോജെക്റ്റിന് (ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ്) 50 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്‌ബി 89.83 കോടി രൂപയുടെ സാമ്പത്തിക അനുമതി 28.10.2020 ൽ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബി യുടെ ഫീൽഡ് ഓഫീസിൽ നിന്നും പ്രൈസിൽ സമർപ്പിച്ചത് ആവശ്യമായ മാറ്റം വരുത്തി പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2. കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയ കുന്നംകുളം മുനിസിപ്പാലിറ്റി റിംഗ് റോഡ് ഡെവലപ്പ്മെന്റ് പദ്ധതിക്ക് 25 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 28/10/2020 ൽ കിഫ്‌ബി 62.96 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി യിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെ.ആർ.എഫ്.ബിയുടെ ഫീൽഡ് ഓഫീസിൽ നിന്നും പ്രൈസിൽ സമർപ്പിച്ചത് ആവശ്യമായ മാറ്റം വരുത്തി പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്തെ ജംഗ്ഷൻ വികസനത്തിന്റെയും റിംഗ്റോഡ് പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ്; 2017-18 ലെ ബജറ്റിൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിയുടെ കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പ്രവർത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമായാൽ ഉടൻ അടങ്കൽ തുക നിർണ്ണയിച്ച് സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികൾ ആരംഭിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ